# കേരള സർവകലാശാല

നം. പി.ആർ.201/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 സെപ്റ്റംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ സൂക്ഷ്മപരിശോധനയ്ക്കായി ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ സെപ്റ്റംബർ 15 മുതൽ 23 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

### പാനൽ ചർച്ച

വി.കെ കൃഷ്ണ മേനോൻ സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. ജി. വിവേകാനന്ദൻ (ജവഹർലാൽ നെഹ്റു സർവകലാശാല ഡൽഹി) അടുത്തിടെ എഴുതിയ ലോക പ്രശസ്തമായ ബുക്ക് (Global Vision of Olof Palme, Bruno Kreisky and Willy Brandt: international Peace and Security, Cooperation, and development) ആസ്പദമാക്കി ഒരു പാനൽ ചർച്ച സെപ്റ്റംബർ 18-ന് രാവിലെ 10 മണിക്ക് സർവകലാശാല സെനറ്റ് ചേംബറിൽ വച്ച് നടക്കും. മുൻ അംബാസഡർ ശ്രീ. ടി.പി ശ്രീനിവാസൻ, മുൻ കേരള സർവകലാശാല പ്രോ വൈസ് ചാൻസലർ പ്രൊഫ. ജെ. പ്രഭാഷ്, മുൻ ഡി.ജി.പി ഡോ. പി.ജെ അലക്സാണ്ടർ, മാധ്യമ പ്രവർത്തകരായ ശ്രീ. ഗൗരിദാസൻ നായർ, ശ്രീ. മധുനായർ ന്യൂയോർക്ക്, ഡോ. ജി ജയകുമാർ തുടങ്ങിയവർ പങ്കെടുക്കും.

### ബി.എ.എം.എസ് പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 26-ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.എ.എം.എസ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് അപേക്ഷിച്ചവർ അതാത് കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

### സീറ്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടത്തെ പഠനവകുപ്പുകളിൽ താഴെ പറയുന്ന വിഭാഗങ്ങളിൽ സീറ്റ് ഒഴിവുണ്ട്. സോഷ്യോളജി - എസ്.സി - 3, എസ്.ടി - 1, എം.എസ്.ഡബ്ലിയു - 1, സംസ്കൃതം - എസ്.സി - 3. താൽപര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ 19 വൈകുന്നേരം 3 മണിക്ക് മുമ്പായി അതാത് പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം മെയ് മാസത്തിൽ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിലും ശാസ്താംകോട്ട ഡി.ബി കോളേജിലും നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ

സയൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സാരംഗി.ജി (രജി. നമ്പർ 11078 – സി.എ.സി.ഇ.ഇ) ഒന്നാം റാങ്ക് നേടി.

**സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് ഫലം**

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം മെയ് മാസത്തിൽ മാവേലിക്കര ബിഷപ്പ്മൂർ കോളേജിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. അജീന അജി (രജി. നമ്പർ 11051), ജീന കെ ജെയിംസ് (രജി. നമ്പർ 11055) എന്നിവർ ഒന്നാം റാങ്ക് പങ്കിട്ടു.

**എം.എ ഇംഗ്ലീഷ് വൈവ വോസി**

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ ഇംഗ്ലീഷ് സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകളുടെ വൈവ വോസി സെപ്റ്റംബർ 20–ന് പാളയം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടക്കും.

**എൽ.എൽ.ബി പരീക്ഷ**

കേരള സർവകലാശാല ഒക്ടോബറിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷകൾക്ക് ഓൺലൈനായി സെപ്റ്റംബർ 18 മുതൽ അപേക്ഷിക്കാം. പിഴ കൂടാതെ സെപ്റ്റംബർ 25 (50 രൂപ പിഴയോടെ സെപ്റ്റംബർ 27, 125 രൂപ പിഴയോടെ ഒക്ടോബർ 3) വരെ ഫീസടച്ച് അപേക്ഷിക്കാം. പരീക്ഷകൾ ഒക്ടോബർ 23 മുതൽ ആരംഭിക്കും.

**മാർക്കുകൾ അപ്‌ലോഡ് ചെയ്യാം**

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് കോഴ്സുകളുടെ കണ്ടിന്യൂയിങ് ഇവാല്യുവേഷൻ മാർക്കുകൾ അതാത് കോളേജുകൾക്ക് സെപ്റ്റംബർ 16 വരെ അപ്‌ലോഡ് ചെയ്യാം.

.

തിരുവനന്തപുരം.
14.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098